**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1120** **05-03-2018 ൽ മറുപടിക്ക്**

**പാട്ടകാലാവധി പൂർത്തിയാക്കിയ സർക്കാർ ഭൂമി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. മുകേഷ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജ് പരിധിയിൽ പാട്ടകാലാവധി പൂർത്തിയാക്കിയ സർക്കാർ ഭൂമി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ പാട്ടക്കാലാവധി പൂർത്തിയായ സർക്കാർ ഭൂമികൾ താഴെ പറയുന്നവയാണ്.<br>1) വാടി കോസ്റ്റൽ ലൈബ്രറി ആന്റ് റക്രിയേഷൻ ക്ലബ്<br>(ബ്ലോക്ക് നമ്പർ 14 ൽ റീസർവ്വെ നമ്പർ 199 (0.41+0.67=1.08 ആർസ്)<br>2) നാരായണി ലീലാവതി (ബ്ലോക്ക് നമ്പർ 216 റീസർവ്വെ നമ്പർ 1 (5.67 ആർസ്)<br>ടി രണ്ട് കേസുകളിലും സ്ഥലം സർക്കാർ കസ്റ്റഡിയിൽ ഏറ്റെടുക്കുന്നതിലേക്ക് കെ.എൽ.സി. ആക്ട് 1957 പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കൊല്ലം ഈസ്റ്റ്, കൊല്ലം വെസ്റ്റ് വില്ലേജ് പരിധികളിലായി പാട്ടകാലാവധി പൂർത്തിയാക്കിയതിനാലും പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനാലും സർക്കാരിലേയ്ക്ക് തിരികെ ലഭ്യമാക്കിയ ഭൂമികളുടെ സർവ്വേ നമ്പരും വിസ്തൃതിയും സഹിതം വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് നമ്പർ 147 ൽ റീസർവ്വെ നമ്പർ 1 ൽപെട്ട 5.30-ആർസ് സ്ഥലം പാട്ടവ്യവസ്ഥ ലംഘിച്ചതിനെ തുടർന്ന് പാട്ട കക്ഷിയിൽ (ബോട്ട്കോ ഇൻഡസ്ട്രീസ്) നിന്നും തിരികെ ഏറ്റെടുത്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ